രീതികളെക്കുറിച്ച് ഇവിടെ മിനിസ്റ്റർ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ പറഞ്ഞു ബസുമതി കൃഷി കേരളത്തിൽ വ്യാപകമായി വരികയാണ് എന്ന്. അത് ഇവിടെ അറിയിക്കാൻ എനിക്ക് വളരെ സന്തോഷമുണ്ട്. നാളെ എന്റെ നിയോജകമണ്ഡലത്തിൽ വളരെയേറെ സ്ഥലത്ത് അത് കൃഷി ചെയ്തതിന്റെ കൊയ്ത്തുത്സവം ബഹുമാനപ്പെട്ട മന്ത്രി നാളെ രാവിലെ നടത്തും. അത്ര നല്ല വിളവാണ്. നിരവധി മേഖലകളിലേയ്ക്ക് നാം കടന്നുവരികയാണ്. തൃശ്ശൂർ കോൾ നെൽകൃഷി മേഖലയിലാണെങ്കിൽ നബാർഡിന്റെ സഹായത്തോടുകൂടി ഏകദേശം 100 കോടി രൂപയുടെ വികസന പദ്ധതിയെക്കുറിച്ച് പറഞ്ഞു. അതിലൊരു ഘട്ടം മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ ഘട്ടത്തിൽ അവിടെ ചെയ്തു. ഇപ്പോൾ അതിന്റെ പണി പൂർത്തിയാക്കി. അതിന്റെ ഉത്ഘാടനം അടുത്ത ദിവസം നിർവ്വഹിക്കപ്പെടാൻ പോവുകയാണ്. അതിന് അനുബന്ധമായി മണലൂർ-ചേർപ്പ് നിയോജകമണ്ഡലവുമായി ബന്ധപ്പെടുത്തി ഏതാണ്ട് 14 കിലോമീറ്റർ നീളത്തിലുള്ള പുതിയ ഹൈ ലെവൽ കനാൽ, നെൽകൃഷിയോടൊപ്പം തന്നെ കരകൃഷിക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ ഏഴരക്കോടി രൂപ മുടക്കി ഹൈ ലെവൽ കനാലിന്റെ തറക്കല്ലിടൽ കർമ്മം 5-ാം തീയതി നടക്കുകയാണ്. നിരവധി പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടക്കുന്നുണ്ട്. അതിനെ ഏകീകൃതമായി കൊണ്ടുപോകാൻ, ഈ പദ്ധതികൾ തുടർന്നു നടത്തിക്കൊണ്ടുപോകാൻ കഴിയണമെങ്കിൽ നമ്മുടെ ബണ്ടുകളും കനാലുകളും അതുപോലെതന്നെ വാട്ടർ ഷെഡ്ഡുകളായാലും അങ്ങനെ ഏതു മേഖല എടുത്താലും കൃഷിക്കാർക്ക് കൃത്യമായി ഇതൊക്കെ ചെയ്തു കൊടുക്കാൻ കഴിയുന്ന തരത്തിൽ, ഇതൊക്കെ സംരക്ഷിച്ച് നിലനിർത്താൻ കഴിയുന്ന വിധത്തിൽ നിരന്തരമായും സ്ഥിരസ്വഭാവത്തോടും കൂടിയ ഒരു സംവിധാനം വേണം. ഗവൺമെന്റ് കൊണ്ടുവന്ന വികസന ഏജൻസികളൊക്കെ ഈ കാര്യത്തിൽ ഒരുപാട് മുന്നോട്ടു പോകാൻ സഹായിച്ചിട്ടുണ്ട്. കേരളത്തിന്റെ ഉല്പാദന വർദ്ധനവിനനുസൃതമായി പുതിയ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെയൊക്കെ സാഹചര്യത്തിൽ കൂടുതൽ പ്രാധാന്യം കിട്ടണമെന്ന ഉദ്ദേശത്തിലാണ് ഞാൻ ഈ ആശയം അവതരിപ്പിക്കുന്നത്. ഗവൺമെന്റിനോട് പ്രത്യേകിച്ചും നന്ദി പറയുന്നു. (ചർച്ച തുടരും)

11. 2000-ലെ കേരള സംസ്ഥാന പരിസ്ഥിതി സംരക്ഷണ മലിനീകരണ നിയന്ത്രണ അതോറിറ്റി ബിൽ

(ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 2000-ലെ കേരള സംസ്ഥാന പരിസ്ഥിതി സംരക്ഷണ മലിനീകരണ നിയന്ത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി രാജു : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, അങ്ങനെ ഒരു പ്രത്യേക ബില്ലിന്റെ ആവശ്യമില്ലെന്നുള്ളതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഏറ്റവും പ്രാധാന്യത്തോടുകൂടി ഉണ്ടാകേണ്ട ഒരു നിയമമാണിത്. വളരെ പ്രാധാന്യമുള്ളതാണ്. ശ്രീ. ആന്റണി രാജു സംസാരിച്ചപ്പോൾ പറഞ്ഞ ബില്ലിന്റെ കാര്യമാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചു. രാജ്യത്ത് ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട ഒരു വിഷയമാണിതെന്ന്. ചെറിയ ക്ലാസുകളിലെ വിദ്യാർത്ഥികളെ മുതൽ ഇക്കാര്യം പഠിപ്പിക്കുവാനും അവരിൽ അവബോധമുണ്ടാക്കുവാനുമുള്ളതാണ്. ചില സ്റ്റേറ്റുകളിലുണ്ട്. രണ്ട് വർഷം മുൻപ് ഞാൻ പരിസ്ഥിതി കമ്മിറ്റിയിലെ അംഗമായിരുന്ന ഒരാളാണ്. ചില സ്റ്റേറ്റുകളിൽ പോയപ്പോൾ ലോവർ പ്രൈമറി ക്ലാസുകളിലെ കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സിലബസ്സിൽ പോലും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് കാണാൻ കഴിഞ്ഞു. 1974 -ലെ ജലമലിനീകരണ നിയന്ത്രണ നിയമപ്രകാരവും 1981-ലെ വായുമലിനീകരണ നിയന്ത്രണ നിയമപ്രകാരവും മലിനീകരണം നിയന്ത്രിക്കാൻ സംസ്ഥാനത്ത് രൂപീകൃതമായ സ്ഥാപനം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് കേരളത്തിലുണ്ട്. 1986-ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വന്നതോടെ മലിനീകരണ നിയന്ത്രണ ചുമതലയ്ക്കൊപ്പം പരിസ്ഥിതി സംരക്ഷണവും വളരെ പ്രധാനപ്പെട്ടതായി.....

ശ്രീ. ആന്റണി രാജു : സർ, ശ്രീ. കെ. പി. രാജേന്ദ്രനും ഞാനുമൊക്കെ ബംഗാൾ സന്ദർശിക്കാൻ പോയപ്പോൾ അവിടെ ഇത് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നു കണ്ടു. ബംഗാളിൽ ഇത് നടപ്പിലാക്കിയ സ്ഥിതിക്ക് കേരളത്തിലും ഇത് നടപ്പാക്കിക്കൂടെ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. ആന്റണി രാജു ഓർമ്മിപ്പിച്ചതിന് വളരെ നന്ദി. ഞങ്ങൾ ബംഗാളിലും മേഘാലയയിലും പോയ അനുഭവമാണ് ഞാൻ നേരത്തെ പറഞ്ഞത്. ഇക്കാര്യം സിലബസ്സിൽ വരണം, കുട്ടികൾക്ക് ചെറുപ്പത്തിലേ ഇതിനെക്കുറിച്ച് ഒരവബോധമുണ്ടാകണം. ഇപ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, അടുത്തിടെയുണ്ടാകുന്ന ഭൂമികുലക്കം ഉൾപ്പെടെ നമ്മൾ പല സന്ദർഭങ്ങളിലും ഈ സഭയിൽ ചർച്ച ചെയ്തു. ഉരുൾപൊട്ടലും കിണറുകളിൽ വെള്ളം തിളച്ചുപൊങ്ങലും ഇപ്പോൾ ആൾക്കാർക്കിടയിൽ പേടി വളർന്നുവരികയാണ്. പരിസ്ഥിതി സംരക്ഷണം എന്നൊരു വിഷയം കൂടിയുണ്ട്. വെറും മലിനീകരണവിഷയം മാത്രമല്ല. അത് നമ്മൾ ധാരാളം ചർച്ച ചെയ്തതാണ്. രാജ്യം മുഴുവൻ ആശുപത്രികളുടെ വേസ്റ്റും ഹോട്ടലുകളുടെ വേസ്റ്റും നഗര മാലിന്യവുമെല്ലാം കൂടി എടുത്താൽ പരിസ്ഥിതി സംരക്ഷിക്കലും മലിനീകരണ നിയന്ത്രണവുമൊക്കെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായിട്ട് കൊണ്ടു വരണം. മുനിസിപ്പാലിറ്റിയും കോർപ്പറേഷനുകളും ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിനൊക്കെ പരിമിതികളുണ്ട്. അവരുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവർ ചെയ്യുന്നു. അതു പോര, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം നാടിന്റെ പരിസ്ഥിതി സംരക്ഷിക്കുകയാണ്. അത് ജനങ്ങളുടെ ജീവിതത്തിന്റെയും ഭാവിയുടെയും ആരോഗ്യത്തിന്റെയും പ്രശ്നമാണ്. സമസ്ത

മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ട് അതിനൊരു നിയമനിർമ്മാണം അനിവാര്യമാണ്. അത്തരം കാര്യങ്ങൾ നിർവ്വഹിക്കുവാനും നടത്തിക്കൊണ്ടു പോകുവാനും കഴിയുന്നതുകൊണ്ട് തീർച്ചയായിട്ടും ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ടാകേണ്ട. വിഷയമാണ്. അക്കാര്യം ഓർമ്മിപ്പിക്കുവാനും ചിന്തിപ്പിക്കുവാനുമാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചിത്.

(ചർച്ച തുടരും)

12. 2000-ലെ കേരള ക്ലോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസനിധി ബിൽ

(ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 2000-ലെ കേരള ക്ലോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി രാജു : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇന്നത്തെ സാമ്പത്തിക നില വച്ചുകൊണ്ട് ഇങ്ങനെയൊന്ന് ചെയ്യാൻ സാദ്ധ്യമല്ല. അടച്ചുപോയ ഫാക്ടറി തുറപ്പിക്കുന്നതിനുള്ള നടപടിയാണ് ഇന്ന് എടുത്തുകൊണ്ടിരിക്കുന്നത്. ഫാക്ടറികൾ അടയ്ക്കാതിരിക്കാനും അടച്ചാൽ തുറപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ സാമ്പത്തിക നില അനുവദിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ബുദ്ധിമുട്ടിലാണെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷേ ഇത് പരിശോധിക്കേണ്ട ഒരു വിഷയമാണ്. പ്രത്യേകിച്ച് വ്യവസായവകുപ്പുമന്ത്രി ഇക്കാര്യം ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ സഭയിൽ ചർച്ച ചെയ്ത സന്ദർഭത്തിൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇവിടെ നൽകിയ മറുപടി 250 രൂപ വീതം കൊടുക്കാൻ ഒരാലോചന നടത്തുന്നു, സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ട് ഇപ്പോൾ ചില പ്രയാസങ്ങളുണ്ട് എന്നാണ്. കഴിഞ്ഞ ആഴ്ചയിലും നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടിയായിട്ട് വീണ്ടും അത് പറഞ്ഞു. പാർലമെന്റിൽ ധനകാര്യമന്ത്രി കൊണ്ടുവന്ന ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായും കൈ വച്ചിരിക്കുന്നത് എവിടെയാണ് ? നമ്മുടെ വ്യവസായങ്ങളെ, പബ്ലിക് സെക്ടറിനെ, തൊഴിലാളികളുടെ അവകാശങ്ങളെ, തൊഴിൽ നിയമങ്ങളെ, ഒക്കെയാണ്. ഒരു സ്ഥാപനം അടച്ചുപൂട്ടുന്നതിനെ സംബന്ധിച്ച് തൊഴിലാളികൾക്കും വ്യവസായികൾക്കും നൽകുന്ന സംരക്ഷത്തെ സംബന്ധിച്ച് ഒക്കെ ഐ.ഡി. ആക്ടിലുണ്ട്. പല നിയമങ്ങളിലുമുണ്ട്. അതെല്ലാം എടുത്തുകളയുകയല്ലേ ? ആ നിയമങ്ങളൊക്കെ ഭേദഗതി ചെയ്യും എന്നുപറഞ്ഞു. രണ്ടാം ലേബർ കമ്മീഷൻ ആലോചിക്കുന്ന വിഷയങ്ങളിൽപ്പെടുത്തിയ ഒന്നാണ് ഇതൊക്കെ. പക്ഷേ രണ്ടാം ലേബർ കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ടില്ലെങ്കിലും ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly